ഭരണഭാഷ-മാതൃഭാഷ

**അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**ഗവൺമെന്റ് സെൻട്രൽ പ്രസ്സ്**
**തിരുവനന്തപുരം -695 001**
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorofprinting@gmail.com
dir.printing@kerala.gov.in

നമ്പർ. 1600/2022/ഇ 1/ഡിപി

തീയതി. 25.01.2022

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - റിപ്പബ്ലിക് ദിനാഘോഷം 2022 – സമുചിതമായി ആഘോഷിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 19.01.2022 ലെ POL-5/7/2022-GAD നമ്പർ സർക്കുലർ.

റിപ്പബ്ലിക്ദിനം എല്ലാ വർഷവും സമുചിതമായും, ആകർഷകമായും സർക്കാർ ആഘോഷിച്ചു വരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2022 ലെ റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിക്കുന്നതു സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2022 ലെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി 26/01/2022 ന് രാവിലെ 9 മണിയ്ക്ക് അച്ചടി വകുപ്പിന്റെ കീഴിലുള്ള എല്ലാ ശാഖാകാര്യാലയങ്ങളിലും കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ച് ദേശീയ പതാക ഉയർത്തുന്നതിനും ദേശീയ ഗാനം ആലപിക്കുന്നതിനും എല്ലാ ശാഖാകാര്യാലയ മേധാവികളും ശ്രദ്ധിക്കേണ്ടതാണ്. ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന റിപ്പബ്ലിക് ദിനാഘോഷത്തിന് പരമാവധി 25 ജീവനക്കാർമാത്രം പങ്കെടുത്താൽ മതിയാകുമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുക്കുവാൻ എത്തുന്ന എല്ലാ ജീവനക്കാരും കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ പൊതു നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർക്കു വേണ്ടി

പകർപ്പ് :- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
എല്ലാ ശാഖാ കാര്യാലയമേധാവികൾക്കും/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/
എല്ലാ സെക്ഷൻ മേധാവികൾ/സെക്യൂരിറ്റി ഓഫീസർ/ചീഫ് ടൈം കീപ്പർ/
നോട്ടീസ് ബോർഡ്/ഫയൽ/കരുതൽ ഫയൽ.

എസ്.കെ.